## ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിൽ ഉൾപ്പെട്ട എണ്ണക്കാട്, തഴക്കര വില്ലേജുകളിൽ നിന്നും വഴുവാടിക്കടവ് പാലം നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിന്മേൽ

## വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട്

*തീയതി : 01.10.2021*

ആലപ്പുഴ ജില്ലയിൽ വഴുവാടിക്കടവ് പാലം നിർമ്മിക്കുന്നതിനുവേണ്ടി ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിൽ ഉൾപ്പെട്ട എണ്ണക്കാട്, തഴക്കാട് വില്ലേജുകളിലെ വിവിധ സർവ്വെ നമ്പറുകളിൽപ്പെട്ട യഥാക്രമം 16 ആർസ്, 08.10 ആർസ് ഭൂമി 2013 ലെ RFCTLARR നിയമപ്രകാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രിമതി.പ്രിൻസി ജേക്കബ്, പറമ്പത്തുശ്ശേരി വീട്, ആലിഞ്ചുവട്, ഇടപ്പള്ളി, എറണാകുളം എന്ന ജില്ലാതല യൂണിറ്റ് സമർപ്പിച്ച റിപ്പോർട്ട് വിലയിരുത്തി ശുപാർശ സമർപ്പിക്കുന്നതിനായി 06/09/2021 തീയതിയിലെ ആലപ്പുഴ ജില്ലാകളക്ടറുടെ നടപടിക്രമം നം.ജി4-48243/2017 പ്രകാരം രൂപീകൃതമായ വിദഗ്ദ സമിതി 18/09/2021 തീയതിയിൽ പദ്ധതിപ്രദേശം സന്ദർശിക്കുകയും ചെങ്ങന്നൂർ, പെരുങ്ങലിപ്പുറം 151-ാം നമ്പർ എസ്.എൻ.ഡി.പി.ശാഖ ഹാളിൽ പകൽ 12 മണിക്ക് യോഗം ചേരുകയും ചെയ്തു

### *യോഗത്തിൽ പങ്കെടുത്ത* വിദഗ്ദ്ധ സമിതി *അംഗങ്ങൾ*

1. ശ്രീമതി. മീന കുരുവിള (ഒപ്പ്)
   വിദഗ്ദ്ധ സമിതി ചെയർപേഴ്സൺ
2. ശ്രീമതി. ശോഭ എസ്. (ഒപ്പ്)
   ഡെപ്പ്യൂട്ടി കളക്ടർ (എൽ.എ)
   ആലപ്പുഴ
3. ശ്രീ.സന്തോഷ്കുമാർ കെ.എസ്. (ഒപ്പ്)
   സ്പെഷ്യൽ തഹസിൽദാർ
   എൽ.എ.(ജനറൽ)
   ആലപ്പുഴ
4. ശ്രീ. ജോഷിൻ.കെ.മൂലക്കാട്ട്
   (ഡോ.സിനി.എ. (ഒപ്പ്)
   എക്സിക്യൂട്ടിവ് എഞ്ചിനീയർ
   പൊതുമരാമത്ത് വകുപ്പ്(പാലം)
   ആലപ്പുഴയ്ക്ക് വേണ്ടി)
5. ശ്രീമതി. മരിയ ടെൻസി വി.എസ്. (ഒപ്പ്)
   സോഷ്യൽ സയൻറിസ്റ്റ്
6. ശ്രീമതി. സുജാത മുരളി (ഒപ്പ്)
   മെമ്പർ, വാർഡ് 8
   ബുധനൂർ ഗ്രാമ പഞ്ചായത്ത്
7. ശ്രീ.മഹേഷ് വഴുവാടി (ഒപ്പ്)
   മെമ്പർ, വാർഡ് 1
   തഴക്കര ഗ്രാമപഞ്ചായത്ത്

*വിലയിരുത്തലുകൾ*

- ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, മാവേലിക്കര നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് അച്ചൻ കോവിലാറിനു കുറുകെ നിർമ്മിക്കപ്പെട്ട വഴുവാടിക്കടവ് പാലത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പ്രദേശത്തിൻെറ സമഗ്ര വികസനത്തിനായാണ് വിഭാവനം ചെയ്തിരിക്കുന്നത് എന്നതിനാൽ പദ്ധതി ടി പ്രദേശത്തിൻെറ ഒരു പൊതു ആവശ്യമാണ്. നിർദ്ദിഷ്ട പദ്ധതി RFCTLARR നിയമം 2013 സെക്ഷൻ 2(1)ബി(i) ൽ ഉൾപ്പെട്ടിട്ടുള്ള പൊതു ആവശ്യത്തിൻ കീഴിൽ ഉൾപ്പെടുന്നു.
- പദ്ധതിമൂലം പ്രദേശത്തിന് ഉണ്ടാകുവാനിടയുള്ള നേട്ടങ്ങളും വികസന സാധ്യതയും കണക്കിലെടുക്കുമ്പോൾ പദ്ധതിയ്ക്ക് കുറഞ്ഞ സാമൂഹ്യ പ്രത്യാഘാതങ്ങളാണ് ഉണ്ടാകുവാനിടയുള്ളത് എന്ന് വിലയിരുത്തുന്നു.
- എണ്ണക്കാട്, തഴക്കാട് വില്ലേജുകളിൽ നിന്നും പദ്ധതിക്ക് ആവശ്യമായ യഥാക്രമം 16 ആർസ്, 08.10 ആർസ് സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നത്.

*ശുപാർശകൾ*

- പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾക്ക് നിയമാനുസൃതമായ നഷ്ടപരിഹാരം നൽകുക
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ബലക്ഷയം ഉണ്ടായിട്ടുണ്ട് എന്ന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള വീടിനെക്കുറിച്ച് പരിശോധിച്ച് വിലയിരുത്തി സാധ്യമായ നടപടികൾ കൈക്കൊള്ളുക
- നിർമ്മാണ പ്രവർത്തനവുമായ് ബന്ധപ്പെട്ട് സ്വകാര്യവ്യക്തിയുടെ ഭൂമിയിൽ ഉണ്ടായതായി പറയപ്പെടുന്ന നാശനഷ്ടങ്ങൾ വിലയിരുത്തുകയും ആവശ്യമെങ്കിൽ നഷ്ടപരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.
- നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടി വിട്ട് നൽകിയ സ്ഥലത്ത് നിന്നും നിർമ്മാണ അവശിഷ്ടങ്ങൾ എത്രയും പെട്ടെന്ന് നീക്കം ചെയ്യുക
- ഭൂമി ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന സ്ഥലം ഉടമക്ക് ഉപയോഗപ്രദമല്ല എന്നതിനാൽ ടി സ്ഥലം കൂടി ഏറ്റെടുക്കണമെന്ന ഒരു ഭൂവുടമയുടെ ആവശ്യം നിയമത്തിൻെറ പരിധിയിൽ നിന്ന് സാധ്യമായ വിധത്തിൽ പരിഗണിക്കുക
- നഷ്ടപരിഹാര, പുനസ്ഥാപന നടപടികൾ വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണ്

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ, മാവേലിക്കര താലൂക്കുകളിൽ ഉൾപ്പെട്ട എണ്ണക്കാട്, തഴക്കര വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുള്ള സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോട്ട് സമഗ്ര

റിപ്പോർട്ടാണെന്ന് വിദഗ്ദ്ധസംഘം വിലയിരുത്തുന്നു. ആയതിനാൽ മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന ശുപാർശകൾ കൂടി പരിഗണിച്ച് RFCTLARR നിയമം 2013 ഉം ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS) No.485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനസ്ഥാപനം എന്നിവ പദ്ധതി ബാധിത കുടുംബങ്ങൾക്ക് നൽകി വഴുവാടിക്കടവ് പാലം നിർമ്മാണ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാമെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

വിദഗ്ദ്ധസമിതിക്ക് വേണ്ടി:

മീന കുരുവിള
ചെയർപേഴ്സൺ

RAJAGIRI EDUCATIONAL ALTERNATIVES AND COMMUNITY HEALTH OUTREACH SERVICE SOCIETY
Rajagiri outREACH
Rajagiri College
Rajagiri P.O.
Kalamassery, Kochi
Pin: 683 104
Reg No. ER-157/02